15

# "അവിടെ ഒരു ഭിന്നത ഉണ്ടായി"

## (7:1- 53)

യേശുവിനെ പല വ്യത്യസ്ത പേരുകളിലും അറിയപ്പെട്ടിരുന്നു. മിക്കവയും മനോഹരവും ആകർഷണീയവുമായവ ആയിരുന്നു ഉദാഹരണമായി "അതുല്യനായ ക്രിസ്തു," "അത്ഭുതവഹനായ ക്രിസ്തു," അല്ലെങ്കിൽ, വില്യം ബാർക്കിലേയുടെ പ്രയോഗമായ, "സർവ്വ പര്യാപ്തനായ ക്രിസ്തു." എങ്ങനെയായാലും, യേശുവിനെക്കുറിച്ചുള്ള മറ്റു വിശേഷണങ്ങൾ സത്യവും പ്രാധാന്യവും ഉള്ളതാണ്. അവനെ "വിവാദമുള്ള ക്രിസ്തു," എന്നും "വിഭജിക്കുന്ന ക്രിസ്തു," അല്ലെങ്കിൽ "പോളറൈസിങ്ങ് ക്രൈസ്റ്റ്," എന്നു വിളിച്ചിരിക്കുന്നതിന്റെ കാരണം അവൻ പോയ സ്ഥാനങ്ങളിൽ എല്ലാം വലിയ തർക്കവും പ്രത്യാഘാതങ്ങളും ഉടലെടുത്തു.

യോഹന്നാൻ 7-ൽ എത്തുമ്പോഴേക്ക് നാം യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ച് പ്രധാനപ്പെട്ട തെളിവ് കാണുകയുണ്ടായി. നാം യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം, വെള്ളം വീഞ്ഞാക്കി മാറ്റിയ അത്ഭുതം, ദൈവാലയശുദ്ധീകരണം, ശമര്യയുടെ നവീകരണം, രാജഭൃത്യന്റെ മകനെയും മുടന്തനെയും സൗഖ്യമാക്കൽ, അയ്യ - ായിരം പേരെ പോഷി പ്പിച്ചതും, ജീവന്റെ അപ്പം എന്ന പ്രസംഗവും കണ്ടുകഴിഞ്ഞു. ഈ വിവര ണങ്ങളെ നാം എന്തു ചെയ്യും? "യേശു ആരാണ്?" എന്ന ചോദ്യത്തിന് ഉത്തരം 7 ഉം 8 ഉം അദ്ധ്യായങ്ങളിൽ നിന്ന് യേശുവിന്റെ അവകാശ ങ്ങളോടുള്ള പുരുഷാരത്തിന്റെ പ്രതികരണത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നു. ചിലർ അവനിൽ വിശ്വസിച്ചു ചിലർ വിശ്വസിച്ചില്ല ചിലർ അവനെ കൊല്ലുവാൻ ആഗ്രഹിച്ചു.

കൂടാരപെരുന്നാൾ സമീപിച്ചതു കൊണ്ട് യേശു ഗലീലിയയിലേക്ക് പോകുന്നു എന്നു പറഞ്ഞു കൊണ്ടാണ് 7-ാം അദ്ധ്യായം തുടങ്ങുന്നത്. ഈ പെരുന്നാൾ പെസഹ എന്ന പോലെ ക്രിസ്ത്യാനികൾക്ക് സുപരിചിതം അല്ലെങ്കിലും, അത്, യേശുവിന്റെ കാലത്തെ യെഹൂദന്മാർക്ക് സുപ്രധാനമായിരുന്നു. കൂടാതെ അതിനെ "ഫലശേഖര" പെരുന്നാൾ എന്നോ "സമാഗമന പെരുന്നാൾ," എന്നോ അറിയപ്പെട്ടിരുന്നത്, കൂടാര

പെരുന്നാൾ യെഹൂദന്മാരുടെ മൂന്ന് വലിയ വാർഷിക പെരുന്നാളുകളിൽ ഒന്നായിരുന്നു. അത് നടന്നുവന്നിരുന്നത് ഒക്ടോബർ മദ്ധ്യത്തിൽ ആയിരുന്നു, ഏതാണ്ട് പെസഹ കഴിഞ്ഞ് ആറു മാസങ്ങൾക്ക് ശേഷം. ഈ പെരുന്നാൾ സമയത്ത് ആളുകൾ ഒരാഴ്ച്ചത്തെ പുറത്തുള്ള ഉറക്കത്തിന് കൊമ്പുകൾ ചേർത്തുണ്ടാക്കിയ കൂടാരങ്ങൾ പണിയുമായിരുന്നു. ഇത് അവരുടെ പിതാക്കന്മാർ മരുഭൂമിയിൽ കൂടെ അലഞ്ഞു തിരിഞ്ഞപ്പോൾ നക്ഷത്രങ്ങൾക്ക് കീഴെ കിടന്ന് ഉറങ്ങിയിരുന്നത് അവരെ ഓർപ്പിക്കുന്നു. ഇത് കൊയ്ത്തു കഴിഞ്ഞ് ഉടനെ സംഭവിക്കുന്നത് കൊണ്ട് അവരുടെ വിജയകരമായ വിളവെടുപ്പിന് നന്ദി സൂചിപ്പിക്കുന്നതും ആകുന്നു. ഇത് ഒരു പക്ഷെ യെഹൂദ കുട്ടികൾക്ക് ആഘോഷിക്കുവാൻ ഇഷ്ടപ്പെട്ട സമയമായിരുന്നു. ഗുഡ്സ്സ്പീഡ് തർജ്ജിമയിൽ **"യെഹൂദ പാളയ പെരുന്നാൾ."**[1]

പെരുന്നാൾ സമീപിക്കുന്നതോടെ, ദേശത്തിന് പുറത്തുള്ള ആളുകൾ എല്ലാം യെരുശലേമിലേക്ക് യാത്ര ആകുന്നു. യേശുവിന്റെ സഹോദരന്മാർ അവനെ പെരുന്നാളിനു പോകുവാൻ പ്രേരിപ്പിച്ചു, അവനോട് അപേക്ഷിച്ചു, **"... നിന്നെ തന്നെ ലോകത്തിൽ വെളിപ്പെടുത്തുക" (7:4)**. അത് **"അവന്റെ സഹോദരന്മാർ അവനിൽ വിശ്വസിക്കായ്ക കൊണ്ട്" (7:5)**, ആണെന്നു തോന്നുന്നു, അവർ നിഷേധ രൂപത്തിൽ സംസാരിക്കുകയായിരുന്നു. അവർ അർത്ഥമാക്കിയത്, **"ഈ നാട്ടിൻപുറത്തുകാർ നിന്നെ അനുഗമിക്കുവാൻ കാരണം നിനക്ക് എന്തോ പ്രത്യേകത ഉണ്ടെന്ന് നീ വിചാരിക്കുന്നത് കൊണ്ടാകാം. എന്തുകൊണ്ട് നിനക്ക് യെരുശലേമിലെ വലിയ പട്ടണത്തിൽ പോയിക്കൂടാ? അവിടെ നിന്നെ അനുഗമിക്കുന്നത് ആരാണെന്ന് നോക്കാം!"** അവർ അപ്പോഴും യേശുവിനെ ഒരു രാഷ്ട്രീയ നേതാവായി, ഭൗതിക കാഴ്ചപ്പാടിൽ കണ്ടു. ആദ്യം യേശുവിന്റെ പ്രതികരണം ഗലീലിയിൽ തന്നെ ഇരിക്കുവാൻ ആയിരുന്നു അല്ലാതെ പെരുന്നാളിനു പോകുക ആയിരുന്നില്ല. അവന്റെ പ്രാണൻ യെരുശലേമിൽ അപകടത്തിലാണെന്ന് അവന് അറിയാമായിരുന്നു **(5:18; 7:1)**. പിതാവിന്റെ സമയ വിവരപ്പട്ടിക ഒഴിച്ച് മറ്റൊന്നും പ്രവർത്തിപ്പാൻ അവൻ ഒരുങ്ങിയില്ല **(7:6, 8, 30)**. തല്ഫലമായി അവൻ ഗലീലിയിൽ തങ്ങുകയും അവന്റെ സഹോദരൻമാർ പെരുന്നാളിനു പോകുകയും ചെയ്തു.

അവന്റെ സഹോദരന്മാർ പുറപ്പെട്ടു പോയപ്പോൾ, യേശു തന്നെ പെരുന്നാളിനു പോയി പക്ഷെ അത് തന്റെ സഹോദരൻമാർ നിർദേശിച്ചതു പോലെ ആയിരുന്നില്ല. അവൻ യെരുശലേമിലേക്ക് ശാന്തമായി പോകുകയും തന്റെ വ്യക്തിത്വം രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു.

### "എന്റെ ഉപദേശങ്ങൾ ഉയരത്തിൽ നിന്നുള്ളവ"

യോഹന്നാൻ തന്റെ സുവിശേഷത്തിൽ, കൂടാര പെരുന്നാളിന് യെരുശലേമിൽ വെച്ച് യേശുവിന്റെ ഉപദേശങ്ങൾക്ക് പുരുഷാരം എങ്ങനെ പ്രതികരിക്കും എന്ന് പറഞ്ഞുകൊണ്ടാണ് ആരംഭിക്കുന്നത്. നമുക്ക് തിരിച്ച് - അറിയാതെ, നസ്രേത്തുകാരനായ യേശുവിനെ

കുറിച്ചുള്ള ചർച്ചകൾ ശ്രദ്ധിച്ചുകൊണ്ട്, നഗരത്തിനു ചുറ്റും നടക്കുന്ന യേശുവിനെ നമുക്ക് മനസ്സിൽ കൊണ്ടു വരാം. അതിനിടയിൽ, യെഹൂദ - രായ പ്രമാണിമാർ അവന്റെ വരവിനെ ഭയത്തോടെ കാത്തിരുന്നു, മറ്റൊരു എതിരിടൽ അവനുമായി അവർ പ്രതീക്ഷിച്ചു. യേശുവിനെ ക്കുറിച്ചുള്ള ചർച്ചയിൽ പുരുഷാരത്തിനിടയിൽ ഭിന്നിപ്പ് ഉണ്ടായി. ചില ആളുകൾ പറഞ്ഞു, "അവൻ നല്ലവൻ," "അല്ല, അവൻ പുരുഷാ രത്തെ വഞ്ചിക്കുന്നവൻ" എന്നു മറ്റു ചിലർ പറഞ്ഞു (7:12). ഈ ചർച്ച കുശുകുശുപ്പോടെ ആയിരുന്നു, കാരണം ആളുകൾ അവരുടെ ശക്തരായ പ്രമാണിമാരെ ഭയന്നിരുന്നു. അധികാര സ്ഥാനത്തുള്ളവർ യേശുവിനെ പിടിച്ചു കൊല്ലുവാനും, അവനെ അനുഗമിക്കുന്നവരെയും അങ്ങനെ ചെയ്യുവാനും ഉദ്ദേശിക്കുന്നു എന്ന വാർത്ത നഗരം മുഴുവൻ വ്യാപിച്ചിരുന്നു!

പെരുന്നാൾ പകുതി ആയപ്പോഴേക്കും, യേശു ദൈവാലയ സമുച്ച യത്തിൽ ചെന്ന്, പുരുഷാരത്തോട് ഉപദേശിച്ചു തുടങ്ങി. യെഹൂദ പ്രമാണിമാർ അവന്റെ ജ്ഞാനത്തിൽ വിസ്മയിക്കുകയുണ്ടായി "വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ എങ്ങനെ ശാസ്ത്രമറിയുന്നു" (7:15).[2] തന്റെ ഉപദേശത്തിന്റെ ഉറവിടം താൻ ആയിരുന്നില്ല എന്നും, തന്നെ അയച്ചവന്റെ ആയിരുന്നുവെന്നും യേശു ഊന്നി പറഞ്ഞിരുന്നു. അതിലുപരിയായി, പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ഇച്ഛിക്കുന്നവൻ തന്റെ ഉപദേശം സത്യമാണോ എന്ന് പരിശോധിക്കുമെന്ന് യേശു തന്റെ കേൾവിക്കാരോട് പറഞ്ഞു (7:16-19): "യേശു അവരോട് ഉത്തരം പറഞ്ഞത്, 'എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റെതത്രേ. അവന്റെ ഇഷ്ടം ചെയ്‌വ്വാൻ ഇച്ഛിക്കുവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ നാം സ്വയമായി പ്രസ്താവിക്കുന്നതോ എന്നു അറിയും. ...' "

അനുസരണവും വിശ്വാസവും തമ്മിൽ ആവശ്യമായ ബന്ധ മാണുള്ളത്. ഒരു എഴുത്തുകാരൻ ഇപ്രകാരം പറഞ്ഞു: "വിശ്വസി ക്കുന്നവൻ മാത്രം അനുസരിക്കുന്നു, അനുസരിക്കുന്നവൻ മാത്രം വിശ്വസിക്കുന്നു."[3] "ട്രസ്റ്റ് ആന്റ് ഒബേ" എന്ന പാട്ടിൽ ഈ മനോഹര സത്യം പ്രകടിപ്പിച്ചിരിക്കുന്നു:

> അവന്റെ സ്നേഹാധിക്യം,
> നമുക്ക് തെളിയിക്കാൻ അസാധ്യം
> സകലതും അവന്റെ
> പാദ പീഠത്തിൽ വരുവോളം;
> അവൻ നമ്മളോടുള്ള സ്നേഹ
> പ്രദർശനവും അവൻ തരുന്ന
> സന്തോഷവും തന്നെ ആശ്രയിക്കുകയും
> അനുസരിക്കുകയും ചെയ്യുന്നവർക്കാണ്.[4]

യേശു പറഞ്ഞു താഴ്മയും അനുസരണവും ഉള്ള മനസ്സ് വിശ്വാസ ത്തിലേക്ക് വരുന്നു, അഹംഭാവവും മത്സരവും ഉള്ള മനസ്സ് ദൈവത്തെ

അവഗണിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നു.

തന്നെ കൊല്ലുവാൻ ആഗ്രഹിച്ച ചിലരെ പുരുഷാരത്തിൽ ശാസിച്ചപ്പോൾ, അത്തരം ഉദ്ദേശത്തെ അവർ നിഷേധിക്കുകയും യേശുവിൽ ഒരു ഭൂതമുണ്ടെന്ന് അവർ ആരോപിക്കുകയും ചെയ്തു (7:20). അവരുടേതായ രീതിയിൽ, അവർ പറഞ്ഞു "നിനക്കു ഭ്രാന്ത് ഉണ്ട്!" എന്നിട്ടും, അവർക്ക് എതിരായി യേശു പ്രസ്താവിക്കുകയും, മുടന്തനെ അവൻ സൗഖ്യമാക്കിയ സംഭവം,[5] ആദ്യമായി യെരുശലേമിലെ യെഹൂദ പ്രമാണിമാരെ അവനെ കൊല്ലുവാൻ പ്രേരിപ്പിച്ചു (7:21–24).

### "ഞാൻ സ്വർഗ്ഗത്തിൽ നിന്നു വന്നു"

സംഭാഷണം തുടർന്നപ്പോൾ പുരുഷാരത്തിൽ തെറ്റിദ്ധാരണയും വർദ്ധിച്ചു. വളരെ അധികം സംസാരിച്ച യേശുവിൽ, ചിലർ വിസ്മയിച്ചു, ദൈവാലയത്തിൽ പരസ്യമായി ഉപദേശിപ്പാനും അനുവദിച്ചു (7:25, 26). യേശു വാസ്തവത്തിൽ പ്രവാചകനോ അല്ലെങ്കിൽ മശിഹയോ ആയി യെഹൂദപ്രമാണിമാർക്ക് കാണാൻ കഴിയാതിരുന്നതുകൊണ്ടാവാം അവനെ അവർക്ക് അമർച്ചചെയ്യുവാൻ കഴിയാതെ വന്നത്. മറ്റുള്ളവർ അവൻ നസ്രയേത്തിൽ വന്ന വസ്തുതയിൽ വിഷമിച്ചിരുന്നു (7:27). മശിഹ എവിടെ നിന്നു വരുന്നു എന്നു ആരും അറിയുന്നില്ല എന്ന് അവർ കരുതി. വീണ്ടും, യേശു പിതാവിൽ നിന്നാണ് അതോ പിശാചിൽ നിന്നാണോ എന്നു തീരുമാനിക്കുന്നതിൽ പുരുഷാരം കലക്കത്തിലായി.

രേഖപ്പെടുത്തിയ അടുത്ത പ്രസ്താവന ദൈവാലയത്തിലെ പുരുഷാരത്തിന്റെ ചോദ്യങ്ങൾക്കുള്ള മറുപടി ആയിരുന്നു. സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്നാണ് തന്നെ അയച്ചത് എന്ന് യേശു "അത്യുച്ചത്തിൽ," നിലവിളിച്ചു പറഞ്ഞു (7:28, 29): "... 'നിങ്ങൾ എന്നെ അറിയുന്നു ഞാൻ എവിടെ നിന്ന് എന്നും അറിയുന്നു; ഞാൻ സ്വയമായിട്ടു വന്നവനല്ല, എന്നെ അയച്ചവൻ സത്യവാൻ ആകുന്നു, അവനെ നിങ്ങൾ അറിയുന്നില്ല. ...' "

ഒരിക്കൽ കൂടി, യേശു ആളുകളെ അമ്പരപ്പിച്ചു, അവൻ സംസാരിച്ചത് സത്യമാണോ അല്ലയോ എന്ന് പരിശോധിക്കുവാൻ നിർബന്ധിച്ചത് ചിലർക്ക് ഇടർച്ചയായി. അവൻ ആരായിരുന്നു എന്ന പ്രസ്താവന കേട്ടവർക്ക് ആർക്കും നിഷ്പക്ഷമായിരിപ്പാൻ കഴിഞ്ഞില്ല!

### "വന്നു കുടിപ്പിൻ"

യേശു ദൈവാലയത്തിൽ സംസാരിച്ച വാക്കുകൾ, യെഹൂദ പ്രമാണി മാർക്ക് അപകടകരമായ ദൈവ ദൂഷണമായിട്ടാണ് തോന്നിയത്. താൻ ദൈവപുത്രനാണെന്ന് യേശു അവകാശപ്പെട്ടത് അവർക്ക് വ്യക്തമായും മനസ്സിലായി. തൽഫലമായി, അവനെ പിടിപ്പാൻ അവർ ശ്രമിച്ചു. എങ്ങനെയായാലും, അവർക്ക് അതു ചെയ്യാൻ കഴിഞ്ഞില്ല, വീണ്ടും യേശു പിതാവിന്റെ സമയ വിവര പട്ടിക ഒഴിച്ച് മറ്റൊന്നിനും വിധേയ പ്പെട്ടില്ല എന്നും യോഹന്നാൻ നമ്മെ ഓർപ്പിക്കുന്നു (7:30). കൂടുതൽ ആളുകൾ യേശു ക്രിസ്തുവിൽ വിശ്വസിക്കുവാൻ

തുടങ്ങിയപ്പോൾ പ്രമാണിമാരുടെ ഭയം ഏറി (7:31). പരീശന്മാർ ഇതു കേട്ടപ്പോൾ അവർ യേശുവിനെ പിടിപ്പാൻ ചേകവരെ അയച്ചു (7:32). വീണ്ടും, സമയം ആകുന്നതിനു മുൻപ് അവർക്ക് യേശുവിനെ പിടിപ്പാൻ കഴിഞ്ഞില്ല – അതിന് അല്പം കൂടെ സമയം ഉണ്ടായിരുന്നു (7:33–36).

പെരുന്നാളിന്റെ അവസാന ദിവസം യേശു എഴുന്നേറ്റ് പരസ്യമായി താൻ മശിഹ ആണെന്ന് അവകാശപ്പെട്ടു. ഈ സമയത്ത് താൻ ജീവജലത്തിന്റെ ഉറവയാണെന്ന് അവൻ പറഞ്ഞു. അവനത് സംസാരിച്ചത് ഒരു പക്ഷെ കൂടാരപെരുന്നാളിന്റെ പ്രചാര ചടങ്ങിൽ ആയിരുന്നേക്കാം. ഓരോ ദിവസവും ഒരു പുരോഹിതൻ വന്ന് ശീലോഹം കുളത്തിൽ വന്ന് ഒരു സ്വർണ്ണ പാത്രത്തിൽ വെള്ളം നിറയ്ക്കുകയും ഒരു പരേഡ് – പോലെ പ്രദക്ഷണമായി ദൈവാലയത്തിലേക്ക് തിരിച്ചു പോന്നു. എന്നിട്ട് ആ വെള്ളം അവിടെ ദൈവത്തിന് സ്ത്രോത്ര യാഗമായി ഒഴിക്കും.[6]

ഈ സന്തോഷപ്രദമായ ആഘോഷം പുരോഗമിക്കുമ്പോൾ, യേശു പറഞ്ഞു, "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ, 'ജീവജലത്തിന്റെ നദികൾ ഒഴുകുന്നു' എന്നു വിളിച്ചു പറഞ്ഞു" (7:37, 38). ഈ സമയത്ത് യോഹന്നാൻ യേശുവിനെക്കുറിച്ച് എഴുതിയത് സുപ്രധാനമാണ്: "അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞത്; യേശു അന്നു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു" (7:39).

പെരുന്നാളിൽ തന്റെ ഉപദേശം ഉദ്ദേശ പൂർവ്വം നല്കിയതുകൊണ്ട്, കേട്ടവരുടെ പ്രതികരണവും കൂടുതൽ പ്രത്യാഘാതം ഉണ്ടാക്കി. പെരുന്നാളിന്റെ അവസാനം ചിലർ പറഞ്ഞു, "ഇവൻ സാക്ഷാൽ ആ പ്രവാചകൻ ആകുന്നു," വേറെ ചിലർ, "അവൻ ക്രിസ്തു എന്നും പറഞ്ഞു" (7:40, 41). ഗലീലിയയിലെ അയ്യായിരം പേർ അപ്പവും വീഞ്ഞും തിന്നു കഴിഞ്ഞപ്പോൾ ഉണ്ടായ എരിവിനോട് സദൃശ്യമായിരുന്നു ഇപ്പോഴത്തേത് (6:14). ഈ ആളുകൾ യേശുവിനെ ദൈവത്തിൽ നിന്ന് അയച്ചവനായി സ്വീകരിപ്പാൻ തയ്യാറായി. മറ്റുള്ളവർ യേശു പറഞ്ഞതിനെ എതിർക്കുകയും കോപാകുലരായി അവനെ പിടിപ്പാൻ അന്വേഷിക്കുകയും ചെയ്തു. ഈ അദ്ധ്യായത്തെ മുഴുവൻ ചുരുക്കിനിരീക്ഷിച്ചുകൊണ്ട് യോഹന്നാൻ എഴുതി, "അങ്ങനെ പുരുഷാരത്തിൽ അവനെ ചൊല്ലി ഭിന്നത ഉണ്ടായി" (7:43).

ദൈവാലയത്തിലെ ചേകവർ വെറും – കയ്യോടെയാണ്, മഹാപുരോഹിതന്മാരുടെ അടുക്കൽ മടങ്ങി വന്നത്. അവരും, ഇപ്പോൾ, യേശു പറഞ്ഞതായ പ്രസ്താവനകളിൽ വിസ്മയം പൂണ്ടിരിക്കയാണ്. "ഈ മനുഷ്യൻ സംസാരിക്കുന്നതു പോലെ ആരും ഒരു നാളും സംസാരിച്ചിട്ടില്ല എന്നു ചേകവർ ഉത്തരം പറഞ്ഞു" (7:46). പ്രമാണിമാർ ഇതു കേട്ടപ്പോൾ അവരുടെ കോപം ജ്വലിച്ചു. മഹാപുരോഹിതന്മാരും പരീശന്മാരും ഉദ്യോഗസ്ഥരെ പരിഹസിച്ചു കൊണ്ടു പറഞ്ഞു അറിവില്ലാ

ത്തവരെയും വിഡ്ഢികളെയും അവൻ വഞ്ചിച്ചിരിക്കുന്നു. "ഇല്ല!" എന്ന ഉത്തരം പ്രതീക്ഷിച്ചു കൊണ്ട് പ്രമാണിമാർ ഉദ്യോഗസ്ഥരോട് ചോദിച്ചു, "നിങ്ങളും തെറ്റി പോയോ? പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ?" (7:47, 48). പിന്നെ നാം യോഹന്നാന്റെ സുവിശേഷത്തിൽ നിക്കൊദെമൊസിനെ രണ്ടാമത് കാണുന്നു.

യെഹൂദ ന്യായാധിപ സഭയിലെ അംഗമെന്ന നിലയിൽ, നിക്കൊദെമൊസ് മുമ്പോട്ടു വരുകയും ഒരു മനുഷ്യനെ ആദ്യം തന്റെ വാമൊഴി കേട്ടല്ലാതെ ന്യായപ്രമാണവും ശിക്ഷിക്കുന്നില്ലല്ലോ എന്ന് ഓർപ്പിച്ചു (7:50, 51). ഇത് യേശുവിലുള്ള വിശ്വാസം ഏറ്റു പറയുന്നതു ആകുകയില്ല, എന്നാൽ ഇതൊരു ധീരമായ ദൈവ – അന്വേഷി ആയി യേശുവിന്റെ അടുക്കൽ വന്നവന്റേതാണ്. നിക്കൊദെമൊസ് യേശുവിലുള്ള വിശ്വാസം വർദ്ധിപ്പിച്ചിരുന്നു എന്നത് വ്യക്തമാണ്; എന്നാൽ അവൻ അപ്പോഴും ഒരു രഹസ്യ ശിഷ്യനായിരുന്നു, കാരണം അവൻ യെഹൂദ പ്രമാണിമാരെ ഭയപ്പെട്ടിരുന്നു. നിക്കൊദെമൊസിന്റെ അഭിപ്രായത്തോട് വേഗത്തിലും കോപത്തിലുമാണ് അവർ മറുപടി പറഞ്ഞത്: "നീയും ഗലീലക്കാരനോ, പരിശോധിച്ചു നോക്കുക? ..." (7:52). അവർ വിവേചനം നടത്തുക ആയിരുന്നില്ല; അവർ പ്രതികരിക്കുകയായിരുന്നു. അവർ സത്യം കാണുവാനല്ല; യേശുവിനു വേണ്ടി പ്രതിരോധിപ്പാൻ വരുന്നവരെ നിശബ്ദരാക്കുവാനാണ് ആഗ്രഹിച്ചത്. അവരുടെ ചോദ്യം ഇങ്ങനെ ആയിരുന്നിരിക്കണം, "നീ ഒരു വിഡ്ഢിയോ, ഒരു മൂഢനോ, മതഭേദം വരുത്തുന്നവനോ?" നിക്കൊദെമൊസ് വീണ്ടും പ്രത്യക്ഷപ്പെടുന്നത് ആ അദ്ധ്യായത്തിന് യേശുവിനെ വിവാദനായകനും വിഭജിക്കുന്നവനുമായി യോജിപ്പിച്ചുകൊണ്ടാണ്. വിഭജിക്കുന്ന ആളുകൾ മിക്കവരും അങ്ങനെ ആകാൻ കാരണം ഒന്നുകിൽ ദയവുകൊണ്ടോ അല്ലെങ്കിൽ അഹങ്കാരം കൊണ്ടോ ആകാം എന്നാൽ യേശുവിന്റെ കാര്യത്തിൽ അതായിരുന്നില്ല കാരണം. സുവിശേഷത്തിന്റെ ആരംഭം മുതൽ, യോഹന്നാൻ പറഞ്ഞത് യേശു, കൃത്യത്തിന്റെ അടിസ്ഥാനത്തിൻ മേൽ ആളുകളെ തെരഞ്ഞെടുക്കേണ്ട സ്ഥിതിയിൽ എത്തിച്ചു എന്നാണ് (1:11, 12). അവസാനം ആളുകൾ ഒന്നുകിൽ അവനെ സ്നേഹിക്കും അല്ലെങ്കിൽ അവനെ വെറുക്കും (7:7). നമ്മിൽ ആരും തീരുമാനം എടുക്കാത്ത സ്ഥിതിയിൽ ആകുവാൻ യേശു അനുവദിക്കുന്നില്ല.

**ഉപസംഹാരം**

അമേരിക്കൻ ചരിത്രത്തിൽ, അലാമു യുദ്ധം ധീരമായ രീരുമാനം എടുക്കേണ്ട മുഖ്യമായ മാതൃക ആണ്. 1836-ൽ ഇരുനൂറു പുരുഷന്മാരേക്കാൾ കുറവായ ഒരു സംഘം ടെക്സസിലെ സാൻ ആന്റോണിയായിൽ ഒരു പ്രതിരോധ ദൗത്യത്തിൽ ഏർപ്പെട്ടിരുന്നു, അത് ജനറൽ സാന്റ അന്നയുടെ കീഴിലുള്ള ആറായിരം മെക്സിക്കൻ ട്രൂപ്പുകളോടു ആയിരുന്നു. രണ്ട് ആഴ്ച്ചയോളം അലോമയ്ക്ക് അസാദ്ധ്യമായ ദൗത്യമായിരുന്നു. പിന്നെ മാർച്ച് അഞ്ചിന് അവസാനം പോരാട്ട രാത്രിക്ക് മുൻപ്, ടെക്സൺ എന്ന കമാൻഡർ, വില്യം ബാരറ്റ് ട്രാവിസ് തന്റെ

ആളുകളെ ഒരു മീറ്റിങ്ങിന് വിളിച്ചു. അവൻ അവരോടു നമ്മെ കീഴ്പ്പെടുത്തുവാൻ മതിൽ പൊളിച്ച് നാളെ പകൽ എത്തും, അവൻ തന്റെ വാളെടുത്ത് മണ്ണിൽ വരച്ചു. ഇവിടെ നിന്ന് പോരാടുവാൻ അല്ലാമൂയിൽ തന്നെ നില്ക്കുവാൻ ആഗ്രഹിക്കുന്നവർ ഇവിടെ നില്ക്കണം എന്നു പറഞ്ഞു. ഓരോരുത്തരും അങ്ങനെ നിന്നു. കിടക്കയിൽ രോഗി ആയിരുന്ന ജിം ബോബി തന്നെ എടുത്തു കൊണ്ട് ആ ലൈനിലേക്ക് എത്തിക്കുവാൻ പറഞ്ഞു. 184 പുരുഷൻമാരിൽ ഒരാൾ മാത്രം ലൈനിൽ നില്ക്കുവാൻ മടിച്ചു. പിറ്റേ ദിവസം അല്ലാമൂയിലെ എല്ലാ പ്രതിരോധകരും മരിച്ചു. അന്ന് ലൈനിൽ നില്ക്കൽ ഇല്ലായിരുന്നു! ഒരു തീരുമാനം എടുക്കേണ്ടിയിരുന്നു.

ഒരു സുവിശേഷ യോഗത്തിൽ ബൈബിൾ കോളേജ് വിദ്യാർത്ഥിയുടെ ആദ്യ വർഷം പ്രസംഗശേഷമുള്ള ക്ഷണത്തോട് പ്രതികരിച്ചു. അയാൾ പറഞ്ഞ പ്രസ്താവന യോഹന്നാൻ 7 ലേതായിരുന്നു. അയാൾ ഒരു കാർഡിൽ **"**വളരെ നാൾ ഞാൻ വേലിയിൽ ഇരിക്കയായിരുന്നു, അത് വേലി ഇല്ലാത്ത അവസ്ഥ കാണുന്നതിന് വേണ്ടിയായിരുന്നു.**"** വാസ്തവത്തിൽ എഴുതി തീരുമാനിക്കപ്പെടാത്ത രീതിയോ വേലിയിൽ ഇരിക്കുന്ന രീതിയോ യേശുവിൽ വരുമ്പോൾ ഇല്ല. നിങ്ങൾ അവനെ അനുകൂലമായി അല്ലെങ്കിൽ എതിരായി തീരുമാനം എടുത്തിട്ടുണ്ടോ?

---

കുറിപ്പുകൾ

[1]*ദി ബൈബിൾ, ആൻ അമേരിക്കൻ ട്രാൻസ്ലേഷൻ*, ഇഡി. ജെ. എം. പോവിസ് സ്മിത്ത് ആന്റ് എഡ്ഗർ ജെ. ഗുഡ്സ്പീഡ് **(**ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രെസ്സ്, 1939**)**. [2]പ്രവൃത്തികൾ 4:13-ൽ പത്രൊസിനെയും യോഹന്നാനെയും കുറിച്ച് അതേ വ്യാഖ്യാനം പറയുന്നതിന്റെ കാരണം അവരുടെ ന്യായാധിപസഭയുടെ മുൻപിലുള്ള ധൈര്യവും ഉറപ്പും ആണ്. [3]ഡയിട്രിച്ച് ബോൺഹോഫെർ, *ദ കോസ്റ്റ് ഓഫ് ഡിസിപ്പിൾഷിപ്പ്* **(**ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1937**)**, 69. [4]**"**ട്രസ്റ്റ് ആൻഡ് ഒബേ**"** ബൈ ഡി. ബി. ടൗനെർ. മ്യൂസിക് ബൈ ജെ. എച്ച്. സാമ്മിസ്. [5]5:1–18 നോക്കുക. [6]ആർ. കെ. ഹാരിസൺ, "ഫീസ്റ്റ് ഓഫ് ബൂത്ത്സ്," ഇൻ *ദ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റിവ. എഡി., എഡ്. ജിയോഫ്രി ഡബ്ളിയു. ബ്രോമിലി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിംങ് കമ്പനി., 1979), 1:535

© 2009 Truth for Today